2008, ഖുത്വ്ബ നമ്പര്‍- 24

بسم الله الرحمن الرحيم

13.6.2008
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# രിസ്ഖ്

**ക**ഴിഞ്ഞ ഖുത്ബയില്‍ പറഞ്ഞ വിഷയം തുടര്‍ന്നുകൊണ്ട് വിശുദ്ധഖുര്‍ആന്റെ അധ്യാപനങ്ങളുടെ അടിസ്ഥാനത്തില്‍ രിസ്ഖ് അഥവാ അന്നത്തെക്കുറിച്ചും വിശേഷണനാമമായ റസ്സാഖ് അഥവാ അന്നദാതാവിനെക്കുറിച്ചും ഇന്നും കുറച്ചു കാര്യങ്ങള്‍ പറയുന്നതാണ്. 'താനാണ് നിങ്ങള്‍ക്ക് അന്നം നല്കുന്നതെന്ന് അല്ലാഹു ഖുര്‍ആനില്‍ പറഞ്ഞകാര്യം ഞാന്‍ കഴിഞ്ഞ ഖുത്ബയില്‍ കേള്‍പ്പിച്ചിരുന്നു; മനുഷ്യര്‍ക്ക് മാത്രമല്ല ആഹരിക്കുന്ന എല്ലാ ജീവജാലങ്ങള്‍ക്കും. മനുഷ്യനെ സംബന്ധിച്ചിടത്തോളം സൃഷ്ടികളില്‍ ഉത്തമര്‍ എന്ന നിലയില്‍ അവന് ഭൗതികഭക്ഷണവും ആത്മീയഭക്ഷണവും ആവശ്യമുണ്ട്. നിങ്ങള്‍ അല്ലാഹുവില്‍ വിശ്വാസമര്‍പ്പിക്കുകയും അവന്റെ കല്പനകളനുസരിച്ച് പ്രവര്‍ത്തിക്കുകയും ദൈവഭക്തിയെ പരിഗണിക്കുകയും ചെയ്യുകയാണെങ്കില്‍, സത്യവിശ്വാസിയല്ലാത്ത ഒരാള്‍ക്ക് ഭാവനയില്‍പ്പോലും കാണാന്‍ കഴിയാത്ത മാര്‍ഗ്ഗത്തിലൂടെ സത്യവിശ്വാസിക്ക് അന്നം നല്കുമെന്ന് അല്ലാഹു പറയുന്നു. അഹ്മദികളുടെ ധാരാളം കത്തുകള്‍ എനിക്ക് ലഭിക്കാറുണ്ട്. അതില്‍ വിവിധ രാജ്യങ്ങളിലുള്ളവരായ അഹ്മദികള്‍ തങ്ങളുടെ അനുഭവങ്ങളും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും രേഖപ്പെടുത്താറുണ്ട്; ഏതേതെല്ലാം രീതിയിലാണ് അല്ലാഹുതആല അവരുടെ പ്രവര്‍ത്തനങ്ങളില്‍ ബര്‍ക്കത്തിട്ട് അവരെ അനുഗ്രഹിക്കുന്നതെന്ന്! ചിലപ്പോള്‍ ഏതെങ്കിലും പ്രവൃത്തിയില്‍ ഇത്രമാത്രം ലാഭം കിട്ടുമെന്ന പ്രതീക്ഷയേയുണ്ടാകുകയില്ല. പക്ഷേ, അല്ലാഹു അസാധാരണമായ അനുഗ്രഹം അതില്‍ ചൊരിയുന്നു. പ്രതീക്ഷിച്ചതിനേക്കാള്‍ പലയിരട്ടി ലാഭം ഉണ്ടാകുന്നു. ഇക്കാര്യം തങ്ങളുടെ ഈമാന്‍ വര്‍ദ്ധിക്കുന്നതിന് കാരണമാകുന്നുവെന്നും അവര്‍ എഴുതുന്നു.

യഥാര്‍ത്ഥത്തില്‍ ഒരു യഥാര്‍ത്ഥ സത്യവിശ്വാസിയുടെ അടയാളമാണിത്. അല്ലാഹു അവനെ അനുഗ്രഹിക്കുമ്പോള്‍, ഉടനെ അവന്റെ ശ്രദ്ധ അല്ലാഹുവിലേക്ക് പോകുന്നു. അവന്‍ നന്ദിയുള്ളവനായിത്തീരുന്നു. അങ്ങനെത്തന്നെയാണ് വേണ്ടതും. കാരണം ഒരു സത്യവിശ്വാസി, '***വമന്‍യ്യശ്കുര്‍ ഫഇന്നമാ യശ്കുറുനഫ്സി***' എന്നത് നല്ലവണ്ണം അറിയുന്നു. ആരാണോ നന്ദി കാണിക്കുന്നത്, അവന്‍ നന്ദി കാണിക്കുന്നതിന്റെ നേട്ടം അവനുതന്നെയുണ്ടാകുന്നു. ഇതുതന്നെയാണ് ഒരു സത്യവിശ്വാസിയുടെ അടയാളമായിരിക്കേണ്ടത്. ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ മക്കള്‍ക്ക് അന്നം ലഭിക്കാന്‍ ദുആ ചെയ്തപ്പോള്‍, അതിനോടൊപ്പം അവര്‍ നന്ദിയുള്ളവരായിരിക്കാന്‍ അനുഗ്രഹിക്കണമെന്നും ദുആ ചെയ്തു. വിശുദ്ധഖുര്‍ആനില്‍ അതിനെക്കുറിച്ച് പറയുന്നുണ്ട്. ***വര്‍സുഖ്ഹും മിനഥ്ഥമറാത്തി ലഅല്ലഹും യശ്ക്കുറൂന്‍***. ഫലങ്ങളില്‍നിന്ന് അവര്‍ക്ക് ആഹാരം നല്കിക്കൊണ്ടിരിക്കേണമേ; നിനക്ക് നന്ദിയുള്ളവരായിരിക്കാന്‍ വേണ്ടി. ജോലി സംബന്ധമായ കാര്യങ്ങളിലും കച്ചവടങ്ങളിലും കൃഷിയിലും അനുഗ്രഹം ഉണ്ടാകുകയെന്നത്, ഭക്ഷ്യവസ്തുക്കളില്‍ അഭിവൃദ്ധിയ്ക്ക് കാരണമായിത്തീരുന്നു. സത്യവിശ്വാസി ആ അനുഗ്രഹങ്ങള്‍ കാണുമ്പോള്‍ അവന്‍ അല്ലാഹുവിനോട് നന്ദിയുള്ളവനായിത്തീരുന്നു. അത് അവന്റെ ഈമാനും തഖ്‌വയും വര്‍ദ്ധിക്കുന്നതിന് കാരണമായിത്തീരുന്നു. അങ്ങനെതന്നെയാണ് വേണ്ടതും. ഒരു സത്യവിശ്വാസി ഈമാനിലും തഖ്‌വയിലും നന്ദി കാണിക്കുന്നതിലും അഭിവൃദ്ധിപ്പെടുമ്പോള്‍, അല്ലാഹു അവനെ കൂടുതല്‍ നിഅ്മത്തുകള്‍ നല്കി അനുഗ്രഹിക്കുന്നു. ആ ഫലങ്ങളില്‍ കൂടുതല്‍ അനുഗ്രഹം പതിയുന്നു. അവന്റെ രിസ്ഖ് തന്റെ അനുഗ്രഹംകൊണ്ട് അല്ലാഹു കൂടുതല്‍ വര്‍ദ്ധിപ്പിക്കുന്നു. ഈമാനില്‍ വളര്‍ന്നവരോടോ വളരാന്‍ ശ്രമിക്കുന്നവരോടോ ആണ് അല്ലാഹു ഇങ്ങനെ പെരുമാറുന്നത്; ഈ ഭക്ഷണവസ്തുവിന്റെ അഭിവൃദ്ധി യാദൃശ്ചികമായുണ്ടാകുന്ന സംഭവമല്ല; അതായത്, തന്റെ രിസ്ഖില്‍ അസാധാരണമായ നിലയില്‍ വര്‍ദ്ധനവുണ്ടായെന്ന് ആരെങ്കിലും എഴുതുന്നത് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചാണ്. ***ലഇന്‍ ശക്റതും ല അസീദന്നക്കും***. നിങ്ങള്‍ നന്ദി കാണിക്കുകയാണെങ്കില്‍, ഞാന്‍ നിങ്ങള്‍ക്ക് ഇനിയും വര്‍ദ്ധിപ്പിച്ചുതരും. പ്രകൃതി നിയമമനുസരിച്ച് തന്റെ അധ്വാനത്തിന് അല്ലാഹു ഫലം നല്കി എന്ന് സത്യവിശ്വാസിയല്ലാത്ത ഒരാള്‍ക്ക് പറയാവുന്നതാണ്. പക്ഷേ, ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇതിനേക്കാള്‍ മറ്റൊരു കാര്യം കൂടിയുണ്ട്. അതായത്, അല്ലാഹുവിനോടുള്ള നന്ദി പ്രകടിപ്പിക്കുകയും ഈമാനിലും തഖ്‌വയിലും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതിനോടൊപ്പം അധ്വാനവും കൂടി ഉണ്ടാകുമ്പോള്‍ പലയിരട്ടി ഫലം അതിലുണ്ടാകുന്നു. അപ്പോള്‍ അത് അധ്വാനവുമായി മാത്രം ബന്ധപ്പെട്ടതല്ല. മറിച്ച്, സത്യവിശ്വാസിയുടെ പ്രയത്നത്തില്‍ എന്തെങ്കിലും കുറവുണ്ടെങ്കില്‍ത്തന്നെ അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട് ആ കുറവ് നികത്തി അവന് കൂടുതല്‍ നല്കുന്നു. അല്ലെങ്കില്‍ ആ കുറവ് നികത്തുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അവന്‍ അല്ലാഹുവില്‍ വിശ്വസിക്കുന്നുണ്ടെങ്കില്‍, അല്ലാഹു റസ്സാഖാണ്. തഖ്‌വ സ്വായത്തമാക്കുന്നവരുടെ ഉത്തരവാദി താനാണെന്ന് അവന്‍ വാഗ്ദാനം ചെയ്യുന്നു."

ഇതാണ് റസ്സാഖായ അല്ലാഹുവിന്റെ ദാസരോടുള്ള പെരുമാറ്റം; അല്പം അധ്വാനത്തിലും അസംഖ്യം ബർക്കത്തിടുന്നു. ചിലപ്പോൾ സത്യവിശ്വാസിയല്ലാത്തവരോട്, പറയുന്നതിനും സത്യവിശ്വാസിയുടെ വ്യക്തിത്വം നിലനിറുത്തുന്നതിനും ഒരേതരത്തിലുള്ള അധ്വാനമായിട്ടും സത്യവിശ്വാസിയുടെ അധ്വാനത്തിൽ കൂടുതൽ അനുഗ്രഹം ചൊരിയുന്നു. വ്യക്തിപരമായ നിലയിലും എനിക്കിതിൽ അനുഭവമുണ്ട്. പല അഹ്മദികളും എനിക്കെഴുതാറുമുണ്ട്; തങ്ങളുടെ വിളവ്, അയൽവാസിയുടെ വിളവിനെക്കാൾ അധികമായിരുന്നുവെന്ന്. അപ്പോൾ, നിങ്ങൾക്ക് ഇത്രമാത്രം വിളവ് കിട്ടാൻ കൂടുതലായി നിങ്ങൾ എന്താണ് ചെയ്തതെന്ന് അവർ അഹ്മദികളോട് ചോദിക്കാറുണ്ട്. ഈ വിളവിന്റെ 1/10 അല്ലെങ്കിൽ 1/16 ഭാഗം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഞങ്ങൾ കൊടുക്കുന്നു; അതാണ് നിങ്ങളേക്കാൾ കൂടുതൽ ഞങ്ങൾ ചെയ്യുന്നത്, എന്നാണ് അവർ മറുപടി കൊടുക്കുന്നത്. ഇക്കാരണത്താൽ അല്ലാഹു ബർക്കത്തിടും. എന്നല്ല, അല്ലാഹു പറയുന്നു ***മൻയ്യത്തഖില്ലാഹ യജ്അല്ലഹു മഖ്റജൻവ്വയർസുഖു മിൻ ഹയ്ഥു ലാ യഹ്തസിബ്***. ആരാണോ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ജീവിക്കുന്നത്, അല്ലാഹു അവനായി എന്തെങ്കിലും വഴി കാണിക്കും. അവൻ വിചാരിക്കാത്ത മാർഗ്ഗത്തിലൂടെ അവൻ ആഹാരം നല്കപ്പെടുന്നു. ഈ ദിവ്യാത്ഭുതങ്ങളും അസാധാരണമായ വിളവും ഉണ്ടാകുന്നതിനായി അല്ലാഹു ഒരു നിബന്ധന വെച്ചിട്ടുണ്ട്. റസ്സാഖ് എന്ന സിഫത്ത് അസാധാരണമായി അല്ലാഹു പ്രകടിപ്പിക്കണമെങ്കിൽ, അവനുമായിട്ടുള്ള ബന്ധം അസാധാരണമായ നിലയിൽ ഉണ്ടാക്കാൻ ദാസനും ശ്രമിക്കേണ്ടതാണ്. അല്ലാഹു താൻ രക്ഷകനാണെന്നുള്ള തെളിവ് നല്കുന്നുണ്ടെങ്കിൽ, തന്റെ ദാസനെന്ന നിലയിലുള്ള കടമകൾ നിറവേറ്റാൻ ദാസനും ശ്രമിക്കേണ്ടതാണ്. നൂറു ശതമാനവും കടമകൾ നിറവേറ്റാൻ സാധിക്കുകയില്ലെന്നതു ശരിതന്നെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും ഔദാര്യങ്ങൾക്കും മനുഷ്യൻ ജീവിതം മുഴുവൻ നന്ദി പ്രകടിപ്പിച്ചുകൊണ്ടിരുന്നാലും കടമകൾ പൂർണ്ണമായും നിറവേറ്റപ്പെടുകയില്ല. എന്നാൽ, അതിനുള്ള ശ്രമം ഉണ്ടായിരിക്കേണ്ടതാണ്. തഖ്വയുടെ വഴിയിലേക്ക് ചുവട് ഉയരേണ്ടതാണ്. തഖ്വ എന്താണ്? അത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു: തഖ്വയ്ക്ക് ഒരുപാട് പിരിവുകളുണ്ട്. എടുത്തുചാട്ടം, സ്വാർത്ഥത, നിഷിദ്ധമായ സമ്പാദനം, ദുസ്സ്വഭാവം തുടങ്ങിയവയിൽനിന്ന് മാറിനില്ക്കുന്നതും തഖ്വയാണ്. അതിനാൽ, ഒരു സത്യവിശ്വാസിയുടെ ജോലിയാണ് ഈവിധമായ തിന്മകളിൽനിന്ന് രക്ഷപ്പെടുക എന്നത്. അപ്പോഴാണ് അവൻ തഖ്വയിൽ പദമൂന്നുന്നവരിൽ ഉൾപ്പെടുന്നത്. അവർക്കുവേണ്ടി അവർ അത്ഭുതപ്പെടുംവിധം അല്ലാഹു അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കാനുള്ള സാഹചര്യം ഒരുക്കുന്നു. ഇതെങ്ങനെയുണ്ടായെന്ന് ഓർത്ത് അവർ ആശ്ചര്യപ്പെട്ടുപോകുന്നു." ***മൻയ്യത്തഖില്ലാഹ യജ്അല്ലഹു മഖറജാ*** എന്നത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഏറ്റവും നേർത്ത പാപംപോലും അല്ലാഹുവിനെ ഭയന്നുകൊണ്ട് ഉപേക്ഷിക്കുകയാണെങ്കിൽ, അല്ലാഹു എല്ലാ പ്രയാസങ്ങളിൽനിന്നും അവന് മുക്തി നല്കുന്നതാണ്. ഇത് പറയാൻ കാരണം മിക്കവരും 'തങ്ങൾ എന്തു ചെയ്യാനാണെന്ന്' ചോദിക്കാറുണ്ട്. തങ്ങൾ തെറ്റുകൾ ഉപേക്ഷിക്കാനാഗ്രഹിക്കുന്നു, പക്ഷേ, പ്രയാസങ്ങൾ വരുന്നു. വീണ്ടും ആ തെറ്റുകൾ ചെയ്യേണ്ടിവരുന്നു. താൻ അവനെ എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു.

ഇതുപറഞ്ഞുകൊണ്ട്, ഈ രാജ്യങ്ങളിൽ സാമ്പത്തിക സഹായം സ്വീകരിക്കുന്നവരോട് ഞാൻ പറയാനാഗ്രഹിക്കുന്നത്, വിവിധ രാജ്യങ്ങളിൽ സർക്കാറുകളിൽ നിന്ന് ലഭിക്കുന്ന സഹായമാണിത്. അത് തൊഴിലില്ലായ്മവേതനമെന്ന നിലയിൽ ലഭിക്കുന്നതോ വരുമാനം കുറഞ്ഞവർക്ക് ലഭിക്കുന്നതോ ആണ്. ഭരണകൂടം ഇത് നിശ്ചയിച്ചിട്ടുള്ളത് ദരിദ്രരായ ആളുകൾ മാന്യമായ നിലയിൽ നിത്യജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിന്നായിട്ടാണ്. ചില പാശ്ചാത്യഭരണകൂടങ്ങൾ തുറന്ന ഹൃദയത്തോടെയാണ് ഈ സഹായം നല്കുന്നത്. ബ്രിട്ടൻ ഭരണകൂടവും ഇക്കാര്യത്തിൽ സ്തുത്യർഹരാണ്. അവർ പൊതുജനങ്ങളെ സഹായിക്കുന്നു. പക്ഷേ, എനിക്കറിയാൻ കഴിഞ്ഞത് തൊഴിലുള്ള ചിലരും ഈ സഹായം പറ്റാൻ ശ്രമിക്കുന്നുവെന്നാണ്. അവർക്ക് വീടുണ്ടാകും. പക്ഷേ, സർക്കാറിൽനിന്ന് വീട്ടുവാടക വാങ്ങുന്നു. ഈ കാര്യം തഖ്വയിൽനിന്ന് അകന്നിട്ടുള്ളതാണ്. ഇങ്ങനെ ചെയ്തിട്ട് പല രീതിയിലുള്ള കുറ്റങ്ങൾക്കും ഇരയായിത്തീരുന്നു. ഒന്ന് സർക്കാറിനോട് ശരിയായ വരുമാനം പറയുന്നില്ല. അവിടെ ടാക്സ് മോഷ്ടിക്കുന്നു. ഇത് മോഷണമെന്ന് മാത്രമല്ല, മറ്റുള്ളവർ സർക്കാറിന് നല്കുന്നതും- അത് പൊതുജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി സർക്കാരിന് ഉപയോഗിക്കാനുള്ളതാണ്- പിടിച്ചുപറ്റുന്നു. പിന്നീട് കള്ളം പറയേണ്ടിവരുന്നു. അതാണെങ്കിൽ ബഹുദൈവാരാധനയ്ക്കു തുല്യമാണ്. അത്തരക്കാർ നമ്മളിൽ വളരെ വളരെ കുറവാണെങ്കിലും, അവർ സ്വയം തങ്ങളെ അല്ലാഹുവിൽനിന്ന് അകറ്റുന്നുവെന്നു മാത്രമല്ല, ജമാഅത്തിനും ചീത്തപ്പേരുണ്ടാക്കുന്നവരായിത്തീരുന്നു. ജനങ്ങളിലും സർക്കാറിലും ജമാഅത്തിനുള്ള അന്തസ്സിനെ ഇകഴ്ത്തിക്കാണിക്കുന്നവരായിത്തീരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യൻ അല്ലാഹുവിലുള്ള വിശ്വാസം വിടുമ്പോൾ, നിരീശ്വരത്വത്തിന്റെ നിറം അവനിൽ പിടിക്കാൻ തുടങ്ങുന്നു. അല്ലാഹുവിലുള്ള വിശ്വാസം ഉണ്ടാക്കുന്നവൻ, ഏതു കാര്യത്തിലും അവനെ സർവ്വശക്തനെന്ന് മനസ്സിലാക്കുന്നവനാണ്. ഈ നിലവാരം കരസ്ഥമാക്കാൻ നാം ശ്രമിക്കേണ്ടതാണ്. അത് അല്ലാഹു നമുക്ക് പറഞ്ഞുതന്ന

താണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് നമ്മെ ഇത് ഉപദേശിച്ചിരിക്കുന്നു. തെറ്റായ വിവരങ്ങൾ നല്കി കുറച്ച് പൗണ്ട് സർക്കാറിൽനിന്ന് പറ്റുന്നവർ, തങ്ങളുടെ റാസിഖ് അല്ലാഹുവല്ല, മറിച്ച് തങ്ങളുടെ കുതന്ത്രങ്ങളാണെന്ന് പ്രവർത്തി മുഖേന വിളിച്ചോതുകയാണ് ചെയ്യുന്നത്. അത്തരം ചിലയാളുകളെ, സർക്കാർ സംശയദൃഷ്ടിയോടെ നോക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇവർ വളരെ സമർത്ഥമായനിലയിലാണ് കാര്യങ്ങൾ നോക്കുന്നത്. അഹ്മദികൾ വഞ്ചിക്കുകയില്ലെന്നുള്ള ധാരണയാണ് ഇന്നുവരെ സർക്കാറിനുള്ളത്. ഏതെങ്കിലും ഒരു കാര്യം അവരുടെ ശ്രദ്ധയിൽപ്പെട്ടാൽ, തങ്ങളുടെ അവകാശം പറ്റുന്ന മാന്യരായ അഹ്മദികളേയും അത് ബാധിക്കുന്നതായിരിക്കും. ഞാൻ പറഞ്ഞതുപോലെ അപ്പോൾ ജമാഅത്തിനെക്കുറിച്ചുള്ള അവരുടെ വിശ്വാസവും നഷ്ടപ്പെട്ടുപോകും. ആരെങ്കിലും അങ്ങനെയുണ്ടെന്നറിഞ്ഞാൽ അയാളിൽനിന്ന് ചന്ദ വാങ്ങരുതെന്ന് ഞാൻ അമീർ സാഹിബിനോട് പറഞ്ഞിട്ടുണ്ട്. അത്തരക്കാരിൽ നിന്ന് ചന്ദ വാങ്ങാത്തതുകൊണ്ട്, ജമാഅത്തിന്റെ ചന്ദകളെ അത് ബാധിക്കുകയില്ല. ഇൻശാഅല്ലാഹ്. അഥവാ ബാധിച്ചാൽതന്നെ ഇതുമുഖേന ഒരു വ്യത്യാസവും ഉണ്ടാകുകയില്ല. കുറഞ്ഞപക്ഷം അല്ലാഹുവിന്റെ മുന്നിൽ സമർപ്പിക്കുന്ന ധനമെങ്കിലും പരിശുദ്ധമായിരിക്കുമല്ലോ? വളരെ കുറച്ചേയുള്ളൂവെങ്കിലും ഞാൻ അത്തരക്കാരോട് പറയാനാഗ്രഹിക്കുകയാണ്, നിങ്ങൾ അല്ലാഹുവിനെ അന്നദാതാവായി മനസ്സിലാക്കുന്നില്ലെങ്കിൽ, അല്ലാഹുവിന് തന്റെ മതത്തിന്റെ ആവശ്യത്തിനായി നിങ്ങളുടെ സമ്പത്തിന്റെ ആവശ്യമില്ല. അല്ലാഹു അവനുദ്ദേശിക്കുന്നതുപോലെ അവരോട് പെരുമാറിക്കൊള്ളട്ടെ.

ഒരു ഹദീഥിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു, "തീർച്ചയായും പ്രതാപവാനായ അല്ലാഹു നിങ്ങളെ സൃഷ്ടിച്ചു. നിങ്ങൾക്ക് അന്നം നല്കുകയും ചെയ്തു. അതുകൊണ്ട് നിങ്ങൾ അവനെ ആരാധിക്കുക. ഒന്നിനേയും അവനോട് പങ്കു ചേർക്കാതിരിക്കുക." ഈ യാഥാർത്ഥ്യം ഓരോരുത്തരും മനസ്സിലാക്കുകയാണെങ്കിൽ, അതായത് അന്നം നല്കുകയെന്നത് അല്ലാഹു തന്റെ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നുവെന്നതിനെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറയുകയും ചെയ്തതാണ്. ഈ വിചാരമുണ്ടായാൽ യഥാർത്ഥമായ നിലയിൽ അവനെ ആരാധിക്കാൻ ശ്രദ്ധയുണ്ടാകും. അവനെ ആരാധിക്കണമെന്ന ശ്രദ്ധയുണ്ടാകുകയും യഥാർത്ഥമായ നിലയിൽ അവന്റെ ദാസനാവുകയും ചെയ്യുമ്പോൾ തങ്ങളുടെ ഉള്ളിൽ ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള വികാരവും ഉണ്ടാകും. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള വികാരമുണ്ടാകുമ്പോൾ, മറ്റുള്ളവരുടെ ഉപജീവനത്തിലേക്ക് ദൃഷ്ടി പതിയുകയില്ല. മറ്റുള്ളവരുടെ ഉപജീവനത്തിലേക്ക് ദൃഷ്ടി പതിയാതിരിക്കുമ്പോൾ, അനുവദനീയമല്ലാത്ത മാർഗ്ഗത്തിലൂടെ പണം സ്വരൂപിക്കാനുള്ള ശ്രമവും ഉണ്ടാകുകയില്ല.

ഞാൻ ദുആ ചെയ്യുന്നു. അല്ലാഹുതആല ഓരോരുത്തരേയും ഓരോതരത്തിലുള്ള അത്യാഗ്രഹങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തഖ്വയിലും പരിശുദ്ധിയിലും നമ്മൾ എത്രത്തോളം അഭിവൃദ്ധിപ്പെട്ടുമെന്ന് എപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിന്റെ മാനദണ്ഡം വിശുദ്ധഖുർആനാണ്. മുത്തഖികളുടെ അടയാളങ്ങളിൽ അല്ലാഹു വെച്ചിട്ടുള്ള ഒരു അടയാളമാണ്, അല്ലാഹു മുത്തഖിയെ ദുൻയാവിലെ വെറുക്കപ്പെട്ട കാര്യങ്ങളിൽനിന്ന് സ്വതന്ത്രനാക്കി, അവന്റെ പ്രവൃത്തിക്ക് സ്വയം ജാമ്യം നില്ക്കുന്നു എന്നത്. അല്ലാഹുതആല മുത്തഖികൾക്ക് കളവിലൂടെയും വക്രതയിലൂടെയും കാര്യങ്ങൾ സാധിക്കേണ്ട അവസരം ഉണ്ടാക്കുകയില്ല. ഉദാഹരണത്തിന്, കളവു പറയാതെ തന്റെ കട മുന്നോട്ടുപോകുകയില്ലെന്ന് ഒരു കച്ചവടക്കാരൻ കരുതുന്നു. അതുകൊണ്ട് കളവു പറയുന്നതിൽനിന്ന് അയാൾ പിന്മാറുന്നില്ല. കളവ് പറയാൻ നിർബന്ധിതനാണെന്ന് അയാൾ പറയുന്നു. അങ്ങനെയുള്ള ചിന്താഗതിയാണെങ്കിൽ, ഇക്കാര്യം ഒരിക്കലും ശരിയല്ല.

ഇക്കാലത്ത് തെറ്റായ വിവരങ്ങൾ നല്കി സർക്കാറിൽനിന്ന് പണം പറ്റുന്നതും, ടാക്സ് കൊടുക്കാതിരിക്കുന്നതും ഇതുപോലെതന്നെയാണ്. അല്പം ഞെരുക്കമുണ്ടെങ്കിലും സഹിക്കേണ്ടതാണ്. അത് അല്ലാഹുവിന്റെ തൃപ്തി ലഭ്യമാകാൻ അനിവാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു ദുർബലനാണെന്ന് മനസ്സിലാക്കരുത്. അവൻ വലിയ ശക്തിമാനാണ്. ഏതെങ്കിലും കാര്യത്തിൽ അവനെ വിശ്വസിച്ചാൽ, അവൻ തീർച്ചയായും നിങ്ങളെ സഹായിക്കും. യഥാർത്ഥമായ നിലയിൽ അല്ലാഹുവിനെ വിശ്വസിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു വലിയ കാരുണ്യവാനാണ്. ഇന്നയിന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുകയാണെങ്കിൽ രിസ്ഖ് വന്നുകൊണ്ടേയിരിക്കുമെന്നും അതിൽ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുമെന്നും അവൻ പറയുന്നു. ഒരിടത്ത് അല്ലാഹു പറയുന്നു:

***വമാ ആതയ്തും മിൻ സക്കാത്തിൻ തുരീദൂന വജ്ഹല്ലാഹി ഫഉലായിക്ക ഹുമുൽ മുള്ഇഫൂൻ***. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് നിങ്ങൾ കൊടുക്കുന്ന സക്കാത്ത് അപ്പോൾ അവൻ തന്നെയാണ് ഇരട്ടിപ്പിക്കുന്നവൻ (30:40). ഇതാണ് നിങ്ങളുടെ പണം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എത്ര ചെലവഴിക്കാൻ കഴിയുമോ അത്രയും ചെലവഴിക്കുക. അതിൽനിന്ന്, ഉള്ളതുകൊണ്ട് തൃപ്തിപെടാനുള്ള അവസ്ഥയുമുണ്ടാകും, ഭാവനകൾക്കും മാറ്റമുണ്ടാകും. വ്യക്തിപരമായ ആഗ്രഹങ്ങൾക്കു പകരം, ദീനീപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടാകും.

ഞാൻ ഏതു മാർഗ്ഗത്തിലൂടെയും ഉണ്ടാക്കുന്ന പണത്തിന്, അതിന്റെ തോതനുസരിച്ച് ചന്ദയും കൊടുക്കുന്നു. അതുകൊണ്ട് എന്തു സംഭവിക്കാനാണ്, സർക്കാറിൽനിന്ന് എന്റെ സാമർത്ഥ്യംകൊണ്ട് എന്തെങ്കിലും നേടിയെടുക്കുകയാണെങ്കിൽതന്നെ അതിന്റെ ചന്ദയും കൊടുക്കുന്നുണ്ടല്ലോ എന്നാരെങ്കിലും പറയുകയാണെങ്കിൽ, അത്തരം പണം അല്ലാഹുവിന് വേണ്ട. തന്റെ മാർഗ്ഗത്തിൽ ചെലവഴിക്കണമെങ്കിൽ, പരിശുദ്ധമായ മുതലിൽനിന്നായിരിക്കണമെന്ന് അല്ലാഹു പറയുന്നു.

***യാ അയ്യുഹല്ലദീന ആമനൂ അൻഫിഖൂ മിൻത്വയ്യിബാത്തി മാ കസബ്തും.*** വിശ്വസിച്ചവരേ, നിങ്ങൾ സമ്പാദിച്ചുവെച്ചിരിക്കുന്ന നല്ല സാധനങ്ങളിൽനിന്ന് ചെലവഴിക്കുക (2:268). നല്ലതും ചീത്തയും സമ്പാദിച്ച് അതിൽനിന്ന് നല്ലതു ചെലവഴിക്കുക, ചീത്ത ചെലവഴിക്കാതിരിക്കുക എന്നല്ല. ഇതിന്റെ ഉദ്ദേശ്യം നിങ്ങൾ പരിശുദ്ധമായതു മാത്രമേ സമ്പാദിക്കാവൂ എന്നാണ്. പിന്നീട് അതിൽനിന്ന് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കണം. തെറ്റായ വിവരം നല്കി സമ്പാദിക്കുന്ന ധനം എങ്ങനെ പരിശുദ്ധമാകാനാണ്. അതിനാൽ, ആരെങ്കിലും തെറ്റായ രീതിയിൽ ഫലമെടുക്കുന്നുണ്ടെങ്കിൽ, അതിൽനിന്ന് പിന്മാറേണ്ടതാണ്. അല്ലാഹുവിന്, പരിശുദ്ധമായ സമ്പാദ്യത്തിൽനിന്ന് ധനം കൊടുക്കുക. അപ്പോഴാണ് അല്ലാഹു ധനം ഇരട്ടിപ്പിച്ചുതരുമെന്ന് ഉറപ്പുതരുന്നത്. 700 ഇരട്ടിയോ അതിനേക്കാൾ കൂടുതലോ വർദ്ധിപ്പിച്ചുതരുമെന്ന് അല്ലാഹു ഒരിടത്ത് പറയുന്നു. പക്ഷേ, പണം എപ്പോഴും പരിശുദ്ധമായിരിക്കണം. ***വമിൻമ്മാ റസഖ്നാഹും യുൻഫിഖൂൻ***. ഞാനവർക്ക് നല്കിയതിൽനിന്ന് അവർ ചെലവഴിക്കുന്നു എന്നു പറയുമ്പോൾ, അല്ലാഹു അനുവദനീയമല്ലാത്ത രീതിയിൽ തരികയില്ലെന്ന് എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. അല്ലാഹു പരിശുദ്ധമായ ധനമാണ് നല്കുന്നത്. സത്യവിശ്വാസിയുടെ രിസ്ഖും പരിശുദ്ധമായിരിക്കുമെന്ന്, അടയാളമെന്ന നിലയിൽ അല്ലാഹു പറഞ്ഞു. ആ പരിശുദ്ധധനത്തിൽനിന്ന് അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. കള്ളനും, പിടിച്ചുപറിക്കാരനും, കൊള്ളക്കാരനും ധനം സമ്പാദിക്കാറുണ്ട്. കൂടാതെ അനുവദനീയമല്ലാത്ത മാർഗ്ഗത്തിലൂടെയും പണം സമ്പാദിക്കുന്നവരുണ്ട്. ഈ പണം തങ്ങൾക്ക് അല്ലാഹു തന്നതാണെന്ന് അവർക്ക് പറയാൻ കഴിയുമോ? നീതിയും ന്യായവും പാലിക്കാൻ അല്ലാഹു മനുഷ്യരോട് കല്പിക്കുന്നു. അപ്പോൾ മറ്റുള്ളവരിൽനിന്ന് കൊള്ളയടിക്കുന്ന പണം അനുവദനീയമായ പണമാണെന്ന് അവൻ അംഗീകരിക്കുമോ? ഇതൊരിക്കലും സാധ്യമല്ല.

പാക്കിസ്ഥാനിലും മറ്റു ചില രാജ്യങ്ങളിലും അനുവദനീയമല്ലാത്ത മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിച്ചുകൊണ്ട്, അത് അല്ലാഹു തന്നതാണെന്ന് പറയാറുണ്ട്. ഈ അഴുക്കുപുരണ്ട ധനം അല്ലാഹുവിന്റേതാകുകയില്ല. ഇത് ശയ്ത്വാൻ മുഖേന സമ്പാദിച്ച പണമാണ്. പാക്കിസ്ഥാനിൽ വലിയ വലിയ സമ്പന്നരായ വ്യാപാരികളുണ്ട്. ഇത്തരം പണംകൊണ്ട് വലിയ വലിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും എന്നിട്ട് അതിന്റെ നെറ്റിയിൽ ***ഹാദാ മിൻ ഫള്‌ലി റബ്ബീ*** എന്ന് എഴുതിവയ്ക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹമാണ് അതെന്ന് പറയുന്നു. രാഷ്ട്രീയക്കാരെ നോക്കുക, അവരും പൊതുസ്വത്ത് കൊള്ളയടിക്കുകയാണ്. തെറ്റായ രീതിയിൽ സമ്പാദിച്ച പണം, അത് ചെറുതാണെങ്കിലും വലുതാണെങ്കിലും പരിശുദ്ധപണം ആയിരിക്കുകയില്ല. പരിശുദ്ധമല്ലാത്ത പണം അല്ലാഹുവിന്റെ പണവുമല്ല. അല്ലാഹു അത് സ്വീകരിക്കുകയുമില്ല. അതുകൊണ്ട് ഓരോ അഹ്മദിയും, തങ്ങളുടെ ധനത്തിൽ വർദ്ധനവുണ്ടാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കണമെന്ന് എപ്പോഴും ഓർക്കണം. എന്നിട്ടു നോക്കുക അല്ലാഹു എങ്ങനെയാണ് അതിൽ വർദ്ധനവുണ്ടാക്കുന്നതെന്ന്. ഒരു കാര്യം കൂടി ഇവിടെ വിശദീകരിക്കട്ടെ. ചിലയാളുകൾ, തങ്ങളുടെ ചന്ദയുടെ ബഡ്ജറ്റ് എഴുതിയത് ചില കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണെന്നും എന്നാൽ, പിന്നീട് കാര്യങ്ങളൊന്നും ശരിയാകാത്ത കാരണത്താൽ തങ്ങൾ പ്രതീക്ഷിച്ചത്ര വരുമാനം കിട്ടിയില്ലെന്നും പറയുന്നു. അത്തരം ആളുകൾക്ക് ആത്മപരിശോധന നടത്തി, തഖ്‌വ മുന്നിൽ കണ്ടുകൊണ്ട് തങ്ങളുടെ ബഡ്ജറ്റ് പുനഃപരിശോധിക്കാവുന്നതാണ്. പക്ഷേ, അതിനുള്ള നിബന്ധന തഖ്‌വയാണ്. അല്ലാഹുതആല ഇതിന് അനുവാദം നല്കിയിട്ടുണ്ട്.

***യസ്അലൂനക്ക മാദാ യുൻഫിഖൂൻ, ഖുലിൽഅഫ്‌വ്*** "തങ്ങൾ എന്താണ് ചെലവഴിക്കേണ്ടതെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക, പ്രയാസം കൂടാതെ ചെലവഴിക്കാൻ കഴിയുന്നത്ര" (2:221).

മനസ്സിൽ ദൈവഭയമുണ്ടെങ്കിൽ, 'എന്റെ വഴിയിൽ ചെലവഴിച്ചാൽ ഞാൻ വർദ്ധിപ്പിച്ചുതരും' എന്ന അല്ലാഹുവിന്റെ വാക്കുകളിൽ ദൃഷ്ടിയുണ്ടെങ്കിൽ അല്ലാഹുവിന്റെ വഴിയിൽ കൂടുതൽ കൂടുതൽ കൊടുക്കാനായിരിക്കും ഒരു സത്യവിശ്വാസി പരിശ്രമിക്കുക; അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് കൂടുതൽ അനന്തരാവകാശികളാകാൻ വേണ്ടി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്തരം ധാരാളം ആളുകൾ ജമാഅത്തിലുണ്ട്. അവർ സ്വയം ഞെരുക്കത്തിലിടുകയും ചെയ്യുന്നു. അതായത്, ചന്ദയിൽ കുറവ് വരുത്താൻ ഒരിക്കലും അവർ അനുവദിക്കുകയില്ല. ഈ ചന്ദയും ഓരോരുത്തരുടെ ഈമാനിക അവസ്ഥയും അല്ലാഹുവിലുള്ള സമർപ്പണവുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. ഇപ്രകാരം തങ്ങളുടെ രിസ്ഖിൽ അല്ലാഹു അനുഗ്രഹമിടുമെന്ന് അവർക്കറിയാം.

നബി(സ)തിരുമേനി ഒരു ദുആ ചെയ്യാറുണ്ടായിരുന്നു. ഇക്കാലഘട്ടത്തിൽ അതിന് വളരെ പ്രാധാന്യമുണ്ട്. ഒരു ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഉമ്മുസൽമ (റ) വിവരിക്കുന്നു. നബികരീം(സ) സുബ്ഹി നമസ്കാരം കഴിഞ്ഞാൽ അതായത് സലാം വീട്ടിയതിനുശേഷം ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. ***അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ഇൽമൻ നാഫിഅൻ വ രിസ്ഖൻ ത്വയ്യിബൻ വ അമലൻ മുത്തഖബ്ബലൻ***. അല്ലാഹുവേ, ഫലപ്രദമായ അറിവും പരിശുദ്ധമായ ആഹാരവും സ്വീകാരാർഹമായ കർമ്മങ്ങളും ഞാൻ നിന്നോട് ചോദി

ക്കുന്നു. ഈ പ്രാർത്ഥനയിലേക്കും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ ഖുത്ബയിൽ രിസ്ഖ്, സ്വത്തുവിഹിതം എന്നർത്ഥത്തിലും ഉപയോഗിക്കാറുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. വിഹിതം നല്ലതുമാകാം ചീത്തയുമാകാം. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ കുറച്ചു കാര്യം പറയുകയാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***വ തജ്അലൂന രിസ്ഖക്കും അന്നക്കും തുകദ്ദിബൂൻ*** നിങ്ങൾ നിഷേധം നിങ്ങളുടെ ആഹാരസമ്പാദനമാർഗ്ഗമാക്കിവെക്കുകയാണോ? (56:83).

ഇത് സൂറഃവാഖിഅയിലെ വചനമാണ്. ഈ സൂറത്തിൽ ആദ്യകാലത്തുള്ളവരിലും അവസാനകാലത്ത് വരുന്നവരിലുമുള്ള ഭാഗ്യവാന്മാരേയും നിർഭാഗ്യവാന്മാരേയും കുറിച്ച് പറഞ്ഞിരിക്കുന്നു. ഈ വചനത്തിൽ നിഷേധംകൊണ്ട് തങ്ങളുടെ അന്നം സമ്പാദിക്കുന്നവരെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അവരുടെ അവസ്ഥ അങ്ങേയറ്റം താണുപോയി. എത്രത്തോളമെന്നാൽ അല്ലാഹുവിനോടുള്ള ഭയം അവരിൽ അവശേഷിച്ചില്ല. മറിച്ച്, അവരിലുള്ളത് ദുൻയാവിനെക്കുറിച്ചുള്ള ഭയമാണ്. അവർ ശയ്ത്വാന്റെ മടിയിൽ പോയിരിക്കുകയാണ്. കുറച്ചാളുകൾ തങ്ങളുടെ ഭൗതികഭക്ഷണം നിന്നുപോകുമോ എന്ന് ഭയന്നുകൊണ്ട് സത്യത്തെ നിഷേധിക്കുന്നവരാണ്. കുറച്ചാളുകൾ തങ്ങളെ ആലിമെന്ന് കരുതുന്നു. അവർക്ക് പള്ളികളിലെ പ്രസംഗപീഠം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് അവർ സത്യം സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ല; ആ പ്രസംഗപീഠം മുഖേന അവർ സാധാരണക്കാരെ ചൂഷണം ചെയ്യുന്നു. സത്യം സ്വീകരിച്ചാൽ അതവർക്ക് നഷ്ടപ്പെടും.

ചുരുക്കിപ്പറഞ്ഞാൽ ഈ രാഷ്ട്രീയക്കാരും മുല്ലാക്കമാരും തങ്ങളുടെ ഈ നിഷിദ്ധമായ സമ്പാദ്യം കാരണത്താൽ ഈ ആത്മീയഭക്ഷണത്തളികയിൽനിന്ന് സ്വയം പിന്മാറി നില്ക്കുന്നു. അതാണെങ്കിൽ ഇക്കാലഘട്ടത്തിൽ അല്ലാഹു അയച്ചിട്ടുള്ളതുമാണ്. തങ്ങളുടെ ഈ പ്രവൃത്തി കാരണം അവർ ദുൻയാവിലെ കീടമായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് അവരുടെ വിധിയിൽ സത്യം തിരിച്ചറിയുക എന്നതില്ല. മറിച്ച്, അവരുടെ ജോലി സത്യത്തെ നിഷേധിക്കുക എന്നതാണ്. എത്രത്തോളമെന്നാൽ, അവരുടെ അവസാന സമയം വരികയും അവരുടെ എല്ലാ കാര്യങ്ങളും അല്ലാഹുതന്നെ നോക്കുകയും ചെയ്യും.

ഇന്ന് ഏതെല്ലാം രാജ്യങ്ങളിൽ അഹ്മദികൾക്ക് എതിർപ്പുണ്ടോ അവിടെയൊക്കെ രാഷ്ട്രീയക്കാരും മുല്ലാക്കമാരും സംഘടിച്ചിരിക്കുകയാണ്. അവർ സംഘടിച്ചുകൊണ്ട് അഹ്മദികൾക്കെതിരെ പ്രവർത്തിക്കുന്നു. ഖിലാഫത്തിന്റെ നൂറുവർഷം പൂർത്തിയായത് കണ്ട് അസൂയ വീണ്ടും ആളിക്കത്തിയിരിക്കുന്നു. തങ്ങളുടെ വ്യാജരിസ്ഖ് നഷ്ടപ്പെടുമോ എന്നുള്ള ഭയമാണവർക്ക്. രാഷ്ട്രീയക്കാർക്ക് മതത്തിനോട് ഒരു താല്പര്യവുമില്ല. അവർക്ക് അവരുടെ രാഷ്ട്രീയത്തോടും കസേരയോടുമാണ് താല്പര്യം. തങ്ങൾ, മൗലവിമാർ പറയുന്നത് കേട്ടില്ലെങ്കിൽ അതായത് അഹ്മദികളെ എതിർത്തില്ലെങ്കിൽ തങ്ങളുടെ വോട്ടുകൾ കുറഞ്ഞുപോകുമെന്നാണ് അവർ മനസ്സിലാക്കുന്നത്. രാജ്യത്തിന് എന്തെങ്കിലും സേവനം ചെയ്യണമെന്ന വിചാരമൊന്നും അവർക്കില്ല. എന്തെങ്കിലും ഉദ്ദേശ്യമുണ്ടെങ്കിൽ അതൊന്നുമാത്രമാണ്, അഹ്മദികളെ എതിർത്തില്ലെങ്കിൽ തങ്ങളുടെ കസേര നഷ്ടപ്പെടും. അവർ രാഷ്ട്രത്തിന്റെ പണം തിന്നുകൊണ്ടിരിക്കുന്നവരാണ്. അവിശുദ്ധമായ അന്നമാണത്. അതിന്റെ അടിത്തറ സത്യനിഷേധത്തിന്മേലാണ്. ഭൗതികമായ സമ്പത്ത് കൈയിൽനിന്ന് പൊയ്പ്പോകുമോ എന്ന ആശങ്കയാണവർക്ക്. അഹ്മദിയ്യത്ത് രംഗത്തുവന്നാൽ തങ്ങളുടെ രിസ്ഖ് വഴിമുട്ടും എന്ന ചിന്താഗതിയാണ് മൗലവിമാർക്കുള്ളത്. മദ്റസയുടെയും ജാമിഅകളുടെയും പേരിൽ ജനങ്ങളെ വിഡ്ഢികളാക്കി അവർ പണം പിടുങ്ങുന്നു. ചിലർ ഭരണകൂടങ്ങളിൽനിന്ന് പണം പറ്റുന്നു. ഈ വരുമാനങ്ങളെല്ലാം നിലച്ചുപോകുമെന്ന് അവർക്കറിയാം. സത്യം നിഷേധിക്കുന്നതുമായിട്ടാണ് ഇവരുടെ അന്നത്തിനുള്ള ബന്ധം. അല്ലെങ്കിൽ കളവ് പറഞ്ഞ് അന്നം സമ്പാദിക്കുന്നവരാണ്. അതായത് അവരുടെ സ്വത്ത് വിഹിതത്തിൽ ഏതു ഭാഗത്തൂടെ നോക്കിയാലും കളവിന്റെ ഫലമായി നേടുന്ന രിസ്ഖാണെന്ന് കാണാം. ഇതാണ് മോശപ്പെട്ട ജീവിതവിഭവം. ഈ രിസ്ഖ് അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്നത് സത്യത്തെ നിഷേധിക്കുന്ന കാരണത്താലും എന്നല്ല എതിർപ്പുകളിൽ അതിർലംഘിക്കുന്ന കാരണത്താലുമാണ്. തിളച്ച വെള്ളം കൊണ്ടായിരിക്കും ഇത്തരക്കാരെ സ്വീകരിക്കുക എന്ന് അല്ലാഹു പറയുന്നു. ***വ തസ്‌ലിയതുൽജഹീം*** അതായത് അവരുടെ വാസസ്ഥലം നരകമാണ് (56:95). ഇന്ന് അഹ്മദികൾക്കെതിരിൽ എതിർപ്പിന്റെ ബാസാർ ചൂടുപിടിച്ചിരിക്കുന്നു. പാക്കിസ്ഥാനിൽനിന്നും ഇന്തോനേഷ്യയിൽനിന്നും വാർത്തകൾ വരുന്നു. രണ്ട് സ്ഥലത്തും മുല്ലാക്കമാരുടേയും രാഷ്ട്രീയക്കാരുടേയും കൂട്ടുകെട്ട് കാരണമാണ് എതിർപ്പുണ്ടാകുന്നത്. അവർ പൊതുജനങ്ങളെ വിഡ്ഢികളാക്കുന്നു. നിങ്ങളുടെ ദീനിന്റെ പ്രശ്നമാണ്, ഉണരുക, അഹ്മദികളെ ബുദ്ധിമുട്ടിക്കുക എന്ന് ആഹ്വാനം ചെയ്യുന്നു. വാസ്തവത്തിൽ ഇവർ നിഷേധിക്കുന്നത് തങ്ങളുടെ രിസ്ഖ് വഴിമുട്ടിപ്പോകുമോ എന്ന് ഭയന്നാണ്. ജനങ്ങളെ വഞ്ചിക്കുന്ന പണി നിലച്ചുപോകുമോ എന്ന് ഭയപ്പെട്ടാണ്. അതുകൊണ്ട് അഹ്മദികളോട് ഞാൻ പറയുകയാണ്. നിങ്ങൾ ക്ഷമയോടും സഹിഷ്ണുതയോടും ദുആയോടുംകൂടി പ്രവർത്തിക്കുക. അല്ലാഹുവിന്റെ മസീഹിനെ വിശ്വസിച്ചിരിക്കുന്നതുകൊണ്ട് തീർച്ചയായും ഈ സന്ദേശം അംഗീകരിച്ച കാരണത്താൽ നിങ്ങൾ അല്ലാഹുവിന്റെ സമീപസ്ഥരാണ്. അല്ലാഹു തന്റെ സമീപസ്ഥർക്കുവേണ്ടി അനുഗ്രഹങ്ങൾകൊണ്ട് നിറഞ്ഞ സ്വർഗ്ഗത്തെ സംബന്ധിച്ച് സുവാർത്ത അറിയിക്കുന്നു.

കഴിഞ്ഞ 120 വർഷമായി ഇക്കൂട്ടർ ജമാഅത്തിനെ എതിർത്തുനോക്കുന്നു. താൽക്കാലികമായ എതിർപ്പുകൾ നമുക്ക് സഹിക്കേണ്ടി വന്നുവെന്നത് ശരിതന്നെ. പക്ഷേ, ജമാഅത്തിനെ തകർക്കുക എന്ന ഇവരുടെ ആഗ്രഹങ്ങൾ ഒരിക്കലും പൂവണിഞ്ഞില്ല. ഒരു ഭരണാധികാരി ഇവരുടെ സാമ്പത്തികനില തകർക്കുമെന്ന് വീര

വാദം മുഴക്കി. അയാളുടെ പര്യവസാനം എന്തായിരുന്നുവെന്ന് ജനങ്ങൾ കണ്ടു. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് വ്യക്തിഗതമായ നിലയിലും ജമാഅത്ത്പരമായ നിലയിലും സാമ്പത്തികമായ വളർച്ച കൈവരിച്ചുകൊണ്ടേപോയി. മറ്റൊരാൾ ജമാഅത്തിനെ ചവുട്ടിമെതിക്കാൻ ആഗ്രഹിച്ചു. അയാളുടെ പര്യവസാനവും ലോകം കണ്ടു. ജമാഅത്താണെങ്കിൽ വിജയത്തിന്റെ പുതിയ പുതിയ മേഖലകൾ താണ്ടി മുന്നോട്ടുപോയി. ആ അന്നദാതാവായ അല്ലാഹു ജമാഅത്തിനുവേണ്ടി ഉപജീവനത്തിന്റെ പുതിയ പുതിയ കവാടങ്ങൾ തുറന്നു. അല്ലാഹു എല്ലാവിധത്തിലും നമുക്ക് താൻ അന്നദാതാവാണെന്നുള്ള അടയാളം കാണിച്ചുതന്നു. അവൻ പറയുന്നു ***ഇന്നല്ലാഹ ഹുവർറസ്സാഖു ദുൽഖുവ്വത്തിൽമത്തീൻ*** അല്ലാഹു തന്നെയാണ് എല്ലാവർക്കും ഉപജീവനം നല്കുന്നത്; ശക്തനും പ്രബലനും (52:59).

നമ്മൾ ആ അല്ലാഹുവിനെ ആരാധിക്കുന്നവരും അവനോട് ഉപജീവനം തേടുന്നവരും അവനെ ഭയപ്പെടുന്നവരുമാണ്. ഇഹഭോഗതല്പരരായ ഇക്കൂട്ടർക്ക് നമ്മുടെ ഉപജീവനം തടയുവാനോ നമ്മുടെ വിശ്വാസത്തെ ഇളക്കുവാനോ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് നമ്മെ തടയാനോ സാധിക്കുകയില്ല. മെയ് 27-ന് ശേഷം പാക്കിസ്ഥാനിലെ വിവിധ നഗരങ്ങളിൽ, ഹൈദരാബാദിന്നടുത്ത് കോട്ടരിപട്ടണത്തിലും ലാൽഖാനയിലെ കോട്ട്ലിയിലും പഞ്ചാബിലെ ചില പട്ടണങ്ങളിലും ജമാഅത്തിന്നെതിരെ ശക്തമായ എതിർപ്പ് തുടങ്ങിയിരിക്കുകയാണ്. ഫയ്സലാബാദിലെ പഞ്ചാബ് മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളെ കോളേജിൽനിന്ന് പുറത്താക്കി. ഇങ്ങനെ അഹ്മദികളുടെ അന്നം തടയാൻ കഴിയുമെന്നാണ് അവർ ധരിച്ചിട്ടുള്ളത്. പുറത്താക്കപ്പെട്ടവർ അവസാനവർഷ വിദ്യാർത്ഥികളാണ്. അവരെ ബുദ്ധിമുട്ടിച്ചാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത പറഞ്ഞ് ജമാഅത്തിൽനിന്ന് അവർ പിന്മാറിക്കളയും എന്നാണ് ഇക്കൂട്ടർ കരുതുന്നത്. പക്ഷേ, ആ വിദ്യാർത്ഥികളുടെ ഈമാനിക അവസ്ഥ ഇക്കൂട്ടർക്കറിയില്ല. കാരണം ഇവർ ഈമാനില്ലാത്തവരാണ്. കോട്ടരിയിലും വീട് വളയലും കൊള്ളിവെയ്പുമുള്ള അവസ്ഥയാണ്. അവിടെനിന്ന് ഇന്നലെയൊരു കത്ത് ലഭിച്ചിരുന്നു. അവരുടെ സാധനങ്ങളെല്ലാം അഗ്നിക്കിരയാക്കി. വീട് വളഞ്ഞിരിക്കുകയാണ്. നമ്മൾ ഭയപ്പെട്ടോടുന്ന ജനതയാണെന്ന് ഇക്കൂട്ടർ ധരിക്കുന്നു. അല്ലെങ്കിൽ ഈമാനെ വില്ക്കുന്നവരാണെന്ന് ഇവർ കരുതുന്നു. 'തന്റെ ദാസർക്കുവേണ്ടി അഭിമാനിയായിട്ടുള്ള ആ ശക്തനും പ്രബലനുമായ അല്ലാഹു'വിനെ വിശ്വസിക്കുന്നവരാണ് നമ്മൾ. ശത്രുക്കളെ അവൻ പിടിക്കുമ്പോൾ അവരുടെ പൊടിപാറ്റിക്കളയുന്നവനാണവൻ. ഇതാണ് നമ്മൾ കണ്ടുവന്നിട്ടുള്ളത്. അതിനാൽ, അഹ്മദികൾ സഹിഷ്ണുതയോടും ക്ഷമയോടുംകൂടി പ്രവർത്തിക്കുക. ഇപ്രകാരംതന്നെ ഇന്തോനേഷ്യയിലെ അഹ്മദികളോടും ഞാൻ പറയുകയാണ്. അവിടെ പ്രബോധനത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. ഇതുപോലെതന്നെ മറ്റുചില കാര്യങ്ങളിലും സർക്കാർ നിയന്ത്രണമേർപ്പെടുത്തിയിരിക്കുന്നു. പൂർണ്ണമായനിലയിൽ നിരോധിച്ചിട്ടില്ലെങ്കിലും വിവിധ മാർഗ്ഗത്തിലൂടെ പൂർണ്ണമായും നിരോധിച്ച രീതിയിൽതന്നെയാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിങ്ങളും പ്രാർത്ഥനയിലേക്ക് കൂടുതൽ ശ്രദ്ധിക്കുക. പാക്കിസ്ഥാനിൽ നിയന്ത്രണമേർപ്പെടുത്തി, നിയമം പാസാക്കിയിട്ട് നമ്മുടെ വ്യാപനം തടയാൻ അതിന് കഴിഞ്ഞുവോ? ലോകം മുഴുവൻ അല്ലാഹുവിന്റെ അനുഗ്രഹവർഷം ആദ്യത്തേക്കാൾ കൂടുതൽ ജമാഅത്തിനുമേൽ ഉണ്ടായി. ഇൻശാഅല്ലാഹ്. ഇന്തോനേഷ്യൻ ജമാഅത്തിന്റെമേൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണവും ആദ്യത്തേക്കാൾ കൂടുതൽ ജമാഅത്തിന്റെ പുരോഗതിക്ക് കാരണമാവുകതന്നെ ചെയ്യും. അതിനാൽ പ്രാർത്ഥനയിൽ ശക്തിചെലുത്തുക. ഇൻശാഅല്ലാഹ് ഇവരുടെ കുതന്ത്രം ഇവരുടെമേൽതന്നെ തിരിച്ചുപതിക്കുന്ന ആ കാലം വിദൂരമല്ല. ലോകം മുഴുവനുമുള്ള അഹ്മദികൾ തങ്ങളുടെ ഇന്തോനേഷ്യയിലേയും പാക്കിസ്ഥാനിലേയും അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കുമാറാകട്ടെ. അവരുടെ ബുദ്ധിമുട്ടുകൾ അകറ്റുമാറാകട്ടെ.

അവസാനമായി ദുആയ്ക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈയാഴ്ച അമേരിക്കയിലും കാനഡയിലും പര്യടനത്തിനായി ഞാൻ പോവുകയാണ്. അവരുടെ ജൽസ അവിടെ നടക്കുന്നുണ്ട്. ജൂബിലി പരിപാടിയുടെ അടിസ്ഥാനത്തിൽ ജമാഅത്തുകൾ വളരെ തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളത്. ഞാനിതിൽ പങ്കെടുക്കണമെന്ന് അവർ അതിയായി ആഗ്രഹിക്കുന്നു. നേരിട്ട് കാണുമ്പോൾ എന്തായാലും ജമാഅത്തിന് അതിന്റേതായ നേട്ടമുണ്ടാകുന്നു. അമേരിക്കയിലാണ് ഞാൻ ആദ്യം പോകുന്നത്. അല്ലാഹു ഈ യാത്ര എല്ലാ രീതിയിലും അവന്റെ സഹായവും രക്ഷയും കാണിച്ചുതരുന്നതും നല്ലതുമാക്കിത്തീർക്കട്ടെ. ഈ യാത്ര ജമാഅത്തിന് എല്ലാ രീതിയിലും അനുഗ്രഹീതമാകട്ടെ. ഏതൊരുദ്ദേശ്യത്തിനുവേണ്ടിയാണോ ഈ യാത്ര ചെയ്യുന്നത് അതെല്ലാം അല്ലാഹു നിറവേറ്റിത്തരുമാറാകട്ടെ. ഈ രാജ്യങ്ങളിലുള്ള അഹ്മദികളിൽ അഭിവൃദ്ധിപ്പെടാനുള്ള ഒരു പുതിയ റൂഹ് സൃഷ്ടിക്കുമാറാകട്ടെ. ലോകം മുഴുവനുമുള്ള അഹ്മദികളിലും ഈ റൂഹ് സൃഷ്ടിക്കുമാറാകട്ടെ. പുതിയ പ്രതിജ്ഞ ചെയ്യുകയും ജൽസ തുടങ്ങിയ പരിപാടികൾ നടത്തുകയും ചെയ്യുന്ന ഈ പുതുനൂറ്റാണ്ടിൽ ഓരോ അഹ്മദികളിലും അല്ലാഹു ഒരു പുതിയ റൂഹ് ഊതുമാറാകട്ടെ. യാത്രയിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ അതും അല്ലാഹു നീക്കിത്തരുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 13.6.2008 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala